# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 461
# 04/02/2020 ലെ മറുപടിക്ക്

## ടെണ്ടർ സേവിംഗ്സ്

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കുന്നത്തുനാട് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2017-18, 2018-19, 2019-20 വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് വകയിൽ വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിയ്ക്കേണ്ടതാണ്. പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിയ്ക്കുകയുള്ളൂ. |
| (ബി) | മേൽ തുക പുതിയ പ്രവർത്തികൾ നടത്തുന്നതിനായി വിനിയോഗിക്കുന്നതിന് അനുമതി ലഭിക്കുമോ? | |

സെക്ഷൻ ഓഫീസർ